(സി) ഏതെല്ലാം വകുപ്പുകളുമായി സഹകരിച്ചാണ് പ്രസ്തുത പദ്ധതി നടപ്പാക്കുന്നത് എന്നറിയിക്കുമോ ?

ഊർജ്ജ വകുപ്പുമന്ത്രി (ശ്രീ. ആര്യാടൻ മുഹമ്മദ്):

(എ&ബി) കേരള സർക്കാരിന്റെയും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെയും പങ്കാളിത്തത്തോടുകൂടിയുള്ള Clean Kerala Company Limited എന്ന കമ്പനി കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡുമായി സഹകരിച്ചുകൊണ്ട് നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്ന ഒരു പദ്ധതിയുടെ feasibility report ബോർഡിന് സമർപ്പിച്ചിട്ടുണ്ട്. ഇത് ബോർഡ് പരിശോധിച്ചുവരികയാണ്. കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിന്റെ ലോ ടെൻഷൻ വിതരണ ശൃംഖലയുടെ സുപ്രധാന ഘടകമായ വൈദ്യുതി ശൃണകളുടെ അനധികൃത ഉപയോഗം തടഞ്ഞ് പ്രസ്തുത പോസ്റ്റുകൾ ഉപയോഗപ്പെടുത്തി കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിന്റെ വരുമാനം വർദ്ധിപ്പിക്കൽ, മാലിന്യ നിയന്ത്രണം, Clean Kerala എന്ന ആശയപ്രചരണം എന്നീ ലക്ഷ്യങ്ങൾ മുൻനിർത്തി Clean Kerala Company Limited ആവിഷ്കരിച്ച പദ്ധതിയാണിത്. എൽ.റ്റി. പോസ്റ്റുകളുടെ ചുവടെ SMC material ഉപയോഗിച്ച് നിലം 3 മീറ്ററിൽ കവിയാത്ത വിധം പോസ്റ്റിന് cladding ഏർപ്പെടുത്തുകയും പരസ്യങ്ങൾ, സന്ദേശങ്ങൾ എന്നിവ നിശ്ചിത കാലത്തേക്ക് മുൻകൂട്ടി നിശ്ചയിച്ച താരിഫ് അനുസരിച്ച് cladding-ന്റെ പുറത്ത് പ്രദർശിപ്പിക്കുവാനുള്ള അനുമതി നൽകുകയും ചെയ്യുക എന്നുള്ളതാണ് പദ്ധതിയിലെ നിർദ്ദേശങ്ങളിൽ ഒന്ന്. ഇതിന്റെ അടുത്ത ഘട്ടമായി ട്രാൻസ്ഫോർമർ സ്റ്റേഷനുകളിലേക്കും പ്രസ്തുത പരിപാടി വ്യാപിപ്പിക്കുന്നതിനുള്ള നിർദ്ദേശവും റിപ്പോർട്ടിലുണ്ട്.

(സി) കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ്, കേരള സർക്കാർ, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ എന്നിവയുമായി സഹകരിച്ച് പദ്ധതി നടപ്പിലാക്കുന്നതിനാണ് feasibility report വിഭാവനം ചെയ്യുന്നത്.

ബയോമെഡിക്കൽ മാലിന്യങ്ങളുടെ സംസ്കരണം

30 (*780) ശ്രീ. വർക്കല കഹാർ :
ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി :
ശ്രീ. പി. എ. മാധവൻ :
ശ്രീ. ആർ. സെൽവരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നഗരങ്ങളിലെ ആശുപത്രികളിൽനിന്നുള്ള ബയോമെഡിക്കൽ മാലിന്യങ്ങൾ സുരക്ഷിതമായി സംസ്കരിക്കാൻ മലിനീകരണ നിയന്ത്രണ ബോർഡ് പദ്ധതി രൂപീകരിച്ചിട്ടുണ്ടോ ; വിശദമാക്കുമോ :

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ് ; വിശദാംശങ്ങൾ എന്തെല്ലാം ;

(സി) ഏതെല്ലാം ശാസ്ത്ര ഏജൻസികളാണ് പ്രസ്തുത പദ്ധതിയുമായി സഹകരിക്കുന്നത് ; വിശദമാക്കുമോ ;

(ഡി) പദ്ധതിക്കായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ; വിശദാംശങ്ങൾ ലഭ്യമാക്കുമോ ?

ഊർജ്ജ വകുപ്പുമന്ത്രി (ശ്രീ. ആര്യാടൻ മുഹമ്മദ്):

(എ&ബി) ഉണ്ട്. നിയമപരമായി ഇതിന്റെ ഉത്തരവാദിത്വം അതുണ്ടാക്കുന്ന സ്ഥാപനത്തിന് തന്നെയാണ്. ബയോമെഡിക്കൽ മാലിന്യം സംസ്കരിക്കുന്നതിന് ആവശ്യമായ കൂടുതൽ പൊതു സംവിധാനങ്ങൾ ഏർപ്പെടുത്തുന്നതിലേക്കായി കേന്ദ്ര സർക്കാരിന്റെ സെൻട്രൽ സെക്ടർ സ്കീമിൽ (CSS) ഉൾപ്പെടുത്തി ധനസഹായം ലഭ്യമാക്കി സംസ്ഥാനത്ത് പൊതു ബയോ മെഡിക്കൽ മാലിന്യ സംസ്കരണ പ്ലാന്റ് സ്ഥാപിച്ച് പ്രവർത്തിപ്പിക്കുന്നതിനുവേണ്ടി തൽപ്പരകക്ഷികളിൽനിന്നും കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ് expression of interest ക്ഷണിച്ചിരുന്നു. മേൽ പദ്ധതിയിൽ ഒരു പ്ലാന്റിന് കേന്ദ്ര സർക്കാരിന്റെ പരമാവധി വിഹിതം ഒരു കോടി രൂപയാണ്. സംസ്ഥാന സർക്കാരിന്റെ വിഹിതത്തിന് തത്തുല്യമായ തുകയാണ് കേന്ദ്ര സർക്കാരിൽനിന്നും പദ്ധതി വിഹിതമായി ലഭ്യമാക്കുന്നത്. ഇതുപ്രകാരം കേരള എൻവിറോ ഇൻഫ്രാസ്ട്രക്ച്ചർ ലിമിറ്റഡ് (KEIL) ഇത്തരത്തിലുള്ള പൊതു സംവിധാനത്തിനായി സ്ഥലം കണ്ടെത്തിയിട്ടുണ്ട്. എറണാകുളം ജില്ലയിലെ അമ്പലമേടിൽ പൊതു ഹസാർഡസ് വേസ്റ്റ് ഡിസ്പോസൽ ഫെസിലിറ്റിക്കായി നീക്കിവച്ചിട്ടുള്ള 50 ഏക്കർ സ്ഥലത്തുതന്നെ 2.5 ഏക്കർ സ്ഥലം പ്രത്യേകം വേർതിരിച്ച് ബയോമെഡിക്കൽ വേസ്റ്റ് ഫെസിലിറ്റിക്കായി മാറ്റുവാനാണ് ഉദ്ദേശിക്കുന്നത്. ബോർഡ് അതിന് സ്ഥാപനാനുമതി നൽകുകയും ചെയ്തിട്ടുണ്ട്. കൂടാതെ കോഴിക്കോട് കിനാലൂർ വ്യവസായ എസ്റ്റേറ്റിൽ മലബാർ എൻവിറോവിഷൻ പ്രൈവറ്റ് ലിമിറ്റഡ് എന്ന സ്വകാര്യ സ്ഥാപനം സ്ഥലം കണ്ടെത്തി. ബോർഡ് അതിന് സ്ഥാപനാനുമതി നൽകിയിട്ടുണ്ട്. നിലവിൽ ഇന്ത്യൻ മെഡിക്കൽ അസോസിയേഷൻ (ഐ.എം.എ.), പാലക്കാട്, പുതുശ്ശേരിയിൽ പ്രവർത്തിച്ചുവരുന്ന പൊതു സംവിധാനത്തിന് പുറമേ തിരുവനന്തപുരം ജില്ലയിൽ പാലോട് ഒരു പൊതു സംവിധാനം ഏർപ്പെടുത്തുന്നതിന് മലിനീകരണ നിയന്ത്രണ ബോർഡിൽ നിന്നും സ്ഥാപനാനുമതി നൽകിയിട്ടുണ്ട്.

LIBRARY ARCHIVES.Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ബയോമെഡിക്കൽ മാലിന്യ നിർമ്മാർജ്ജനത്തിന് സ്വന്തമായി സംവിധാനം ഏർപ്പെടുത്തുന്നത് ഭാരിച്ച ചെലവ് വരുന്നതിനാൽ പൊതു സംവിധാനം ഏർപ്പെടുത്തുന്നതാണ് അഭികാമ്യം. ബയോമെഡിക്കൽ മാലിന്യ സംസ്കരണം കൂടുതൽ കാര്യക്ഷമമാക്കുക എന്നുദ്ദേശിച്ചാണ് കൂടുതൽ പൊതു സംവിധാനങ്ങൾ സ്ഥാപിക്കുവാൻ നടപടികൾ കൈക്കൊള്ളുന്നത്.

(സി) കേരള എൻവിറോ ഇൻഫ്രാസ്ട്രക്ചർ ലിമിറ്റഡ് (KEIL), മലബാർ എൻവിറോ വിഷൻ പ്രൈവറ്റ് ലിമിറ്റഡ്, ഇന്ത്യൻ മെഡിക്കൽ അസോസിയേഷൻ എന്നീ മൂന്ന് ഏജൻസികൾക്കാണ് മലിനീകരണ നിയന്ത്രണ ബോർഡിൽനിന്നും സ്ഥാപനാനുമതി നൽകിയിരിക്കുന്നത്.

(ഡി) പദ്ധതികൾക്കായി മുന്നോട്ടുവന്ന മൂന്ന് ഏജൻസികളും ബോർഡിന്റെ സ്ഥാപനാനുമതി നേടിയിട്ടുണ്ട്. ബഹുമാനപ്പെട്ട നാഷണൽ ഗ്രീൻ ട്രിബ്യൂണലിന്റെ ഉത്തരവ് പ്രകാരം പൊതു ബയോ മെഡിക്കൽ വേസ്റ്റ് നിർമ്മാർജ്ജന സംവിധാനത്തിന് എൻവയോൺമെന്റ് ഇംപാക്ട് അസ്സസ്മെന്റ് നോട്ടിഫിക്കേഷൻ പ്രകാരമുള്ള പാരിസ്ഥിതിക അനുമതി ആവശ്യമാണ്.

(ii) നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ

നാളേക്കിത്തിരി ഊർജ്ജം പദ്ധതി

1 (7837) ശ്രീ. ജോസഫ് വാഴക്കൻ :
ശ്രീ. പി. എ. മാധവൻ :
ശ്രീ. പാലോട് രവി :
ശ്രീ. വി. ഡി. സതീശൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് "നാളേക്ക് ഇത്തിരി ഊർജ്ജം" പദ്ധതിക്ക് തുടക്കം കുറിച്ചിട്ടുണ്ടോ : വിശദമാക്കുമോ ;

(ബി) പ്രസ്തുത പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ വിശദമാക്കുമോ ;

(സി) ഏതെല്ലാം തരം സ്കൂളുകളിലാണ് പ്രസ്തുത പദ്ധതി നടപ്പാക്കുന്നത് ;

(ഡി) ഊർജ്ജ സംരക്ഷണ പ്രവർത്തനങ്ങൾക്ക് എന്തെല്ലാം കാര്യങ്ങളാണ് പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്?